**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T *113 — 01.07.2015-ൽ മറുപടിക്ക്

**ലൈറ്റ് മെട്രോ പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.കെ. വിജയൻ<br>,, സി. ദിവാകരൻ<br>,, വി. ശശി<br>,, കെ. രാജു | | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തിരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിലുള്ള ഈ പദ്ധതി ഡി.എം.ആർ.സി. അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | അംഗീകരിച്ചിട്ടില്ല. ഹൈദ്രാബാദ് മെട്രോ, മുംബൈ മെട്രോ ലൈൻ 1 & 2, ഡൽഹി എയർപോർട്ട് മെട്രോ എന്നീ മെട്രോ പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കിയതിൽ വലിയ കാലതാമസവും, വൻ സാമ്പത്തിക നഷ്ടവും ഉളവായി എന്ന് ഡി.എം.ആർ.സി. പ്രിൻസിപ്പൽ അഡ്വൈസർ ഡോ.ഇ.ശ്രീധരൻ അഭിപ്രായപ്പെട്ടിരുന്നു. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ കാലതാമസവും, സാമ്പത്തിക നഷ്ടവും ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഡി.എം. ആർ.സി. പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള മാതൃകയിൽ നടപ്പാക്കരുത് എന്ന് ശുപാർശ ചെയ്തിരിക്കുന്നത്. |
| (സി) ലൈറ്റ് മെട്രോ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കിയാലുണ്ടാകുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | 18.05.2015-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ, ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് മന്ത്രി, ബഹു. ഊർജ്ജ വകുപ്പുമന്ത്രി, ബഹു. ധനകാര്യ, നിയമ, ഭവന വകുപ്പുമന്ത്രി, ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി, ബഹു. ആരോഗ്യ, കുടുംബക്ഷേമ, ദേവസ്വം വകുപ്പുമന്ത്രി എന്നിവരും കെ.എം.സി.എൽ., ഡി.എം.ആർ.സി. ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗം ഇത് സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഹൈദ്രാബാദ് മെട്രോ, മുംബൈ മെട്രോ ലൈൻ 1 & 2, ഡൽഹി എയർപോർട്ട് മെട്രോ എന്നീ മെട്രോ പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കിയതിൽ വലിയ കാലതാമസവും, വൻ സാമ്പത്തിക നഷ്ടവും ഉളവായി എന്ന് ഡോ. ഇ. ശ്രീധരൻ അഭിപ്രായപ്പെട്ടു. |

സെക്ഷൻ ഓഫീസർ